# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6022 04/07/2019-ൽ മറുപടിക്ക്

## ഖാദർ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച തുടർ നടപടികൾ സ്റ്റേ ചെയ്ത ഹൈക്കോടതി വിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **പ്രൊഫ.സി.രവീന്ദ്രനാഥ്** (ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച തുടർ നടപടികൾ സ്റ്റേ ചെയ്ത ഹൈക്കോടതി വിധി മറികടക്കാൻ കേരള വിദ്യാഭ്യാസചട്ടം (കെ.ഇ.ആർ.) ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; | എ), ബി), സി) & ഡി) 28.02.2019-ലെ സ.ഉ.(കൈ) നം.19/2019/പൊ.വി.വ. പ്രകാരം ഖാദർ കമ്മിറ്റി റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തുടർന്ന് 2019-20 അദ്ധ്യയന വർഷാരംഭത്തിൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സ.ഉ.(കൈ) നം.53/2019/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ നിർവിഘ്നം നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ചില ഭേദഗതികൾ ഉൾപ്പെടുത്തി 01.07.2019-ലെ SRO No.433/2019 (30.06.2019-ൽ സ.ഉ.(അച്ചടി) നം.6/2019/പൊ.വി.വ.) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ട അവസരങ്ങളിൽ ആയത് വരുത്തുക എന്നത് സർക്കാരിന്റെ അനിവാര്യ ചുമതലയാണ്. |
| ബി) നിയമസഭയുടെ നടപ്പ് സമ്മേളനം കഴിഞ്ഞാലുടൻ സ്കൂൾലയനം സംബന്ധിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുമോ; | |
| സി) ഹൈക്കോടതി സ്റ്റേക്കെതിരെ അപ്പീൽ നൽകിയാലും പ്രയോജനമുണ്ടാകാനിടയില്ലെന്ന നിയമോപദേശത്തെ തുടർന്നാണോ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്; | |
| ഡി) അല്ലെങ്കിൽ വിധിക്കെതിരെ അപ്പീൽ പോകുമെന്ന തീരുമാനത്തിൽ മാറ്റം വരാനുള്ള കാരണമെന്താണ്; | |
| ഇ) വിദ്യാഭ്യാസ രംഗത്ത് പതിറ്റാണ്ടുകളായി നിലനിൽക്കുന്ന സംവിധാനം മതിയായ ചർച്ചപോലുമില്ലാതെ ഒരു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാവുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇ) വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ